Mr. V. K. Aravindaksha Menon *(Chief Engineer):* In any case after receiving the resolution I made a survey of this road and I got a plan prepared with the proposed alignment marked. For an ordinary P. W. road it will cost 30,000 rupees. This will be a major road work and so I request the House to be pleased to allow that this proposal may be placed before the next Road Board to be included in the Road Board Programme. Since you have already got a Road Board Programme when this question was considered it is not quite correct for us now to include this road behind their backs. It ought to be placed before the Board to be included in the next comprehensive plan. The resolution as it stands wants that the road work should be started immediately. That is not quite proper. I can promise that this proposal will be given an important position in the next programme of the Board.

മിസ്റ്റർ പുതൂർ അച്യുതമേനോൻ: സർ, ഞാൻ ഈ പ്രമേയത്തെ പ്രസ്സ് ചെയ്യണമെന്ന് വിചാരിക്കുന്നില്ല. എന്നാൽ ഒരു കാര്യം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തിയശേഷം സഭയുടെ അനുവാദത്തോടുകൂടി ഇതിനെ പിൻവലിക്കാമെന്നു വിചാരിക്കുന്നു. Immediately എന്ന പദം ഞാൻ ഇവിടെ ചേർത്തിട്ടുള്ളതിനു് ഡിക്ഷണറിയിൽ കുറിച്ചിട്ടുള്ള അർത്ഥമല്ല ഞാൻ ഉദ്ദേശിച്ചിട്ടുള്ളതു്. ഇന്നതന്നെ അതു ചെയ്യണമെന്ന അർത്ഥത്തിലല്ല ഞാൻ ആ പദം ചേർത്തിട്ടുള്ളതു്; ഇന്നല്ലെങ്കിൽ നാളെ അതു ചെയ്യുതരണമെന്നുള്ള അർത്ഥത്തിലാണു്. പിന്നെ ഇതു് റോഡുബോർഡിൽ കൊടുക്കണമെന്നു പറയുന്നതിൽ യാതൊരർത്ഥവുമില്ല. ഇതു് റോഡുബോർഡിൽ കൊടുത്തിരുന്നു. എന്നിട്ടു യാതൊരു പ്രയോജനവുമുണ്ടായില്ല. ഇതിന്റെ അത്യാവശ്യത ഒന്നു മനസ്സിലാക്കുവാൻ ഗവമ്മെണ്ടിനു ഒരവസരമുണ്ടാകണം. അവിടെ ഒരു റോഡുണ്ടാക്കാൻ മുപ്പതിനായിരം രൂപാ ചിലവുവരുമെന്നു് ഇവിടെ പറയുന്നതു കേട്ടു. അതിനു മുപ്പതിനായിരം രൂപാ ചിലവുവരുമെന്നു് ഞാനുദ്ദേശിക്കുന്നില്ല. തല്ക്കാലം നടക്കാൻ ഒരു വഴിയുണ്ടാക്കിത്തന്നതിനുശേഷം ബാക്കിയുള്ളതു പിന്നെ ചെയ്യുതന്നാൽ മതി. ഇതു് ചെയ്യുതരാതെ യാതൊരു നിവൃത്തിയുമില്ല. ഫാറം കൊല്ലക്കാലമായി ഞങ്ങൾ ശ്രമിച്ചുവരുന്ന ഒരു കാര്യമാണിതു്. ഞങ്ങൾക്കു് അരിപ്പാലം റോഡിൽനിന്നായാലും വേണ്ടില്ല, കാക്കത്തുരുത്തി റോഡിൽനിന്നായാലും വേണ്ടില്ല നടക്കാൻ ഒരു വഴിയുണ്ടാക്കിത്തരണമെന്നു മാത്രമെ ഞാൻ പറയുന്നുള്ളു. ആ കാര്യം ഗവമ്മെണ്ടതിരുമാനിക്കാതെ നിവൃത്തിയില്ല. ഇത്രയും പറഞ്ഞുകൊണ്ടു് ഈ സഭയുടെ അനുവാദത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

Resolution by leave withdrawn

15. Enfranchisement of drivers, syrangs, etc.

മിസ്റ്റർ വി. കെ. കുട്ടി: സർ, ഞാൻ ഇവിടെ അവതരിപ്പിക്കുന്ന പ്രമേയമിതാണു്.

"യന്ത്രങ്ങൾ ഉപയോഗിച്ചു നടത്തുന്ന ജലവാഹനങ്ങളിലും കരവാഹനങ്ങളിലും ഫാക്ടറികളിലും ജോലിചെയ്യുന്ന ഡ്രൈവർ, സ്രാങ്കു്, മാസ്റ്റർ, കണ്ടക്ടർ എന്നീ ലൈസൻസുള്ള ജോലിക്കാർക്കും നിയമസഭാതിരഞ്ഞെടുപ്പുകളിലും

LIBRARY ARCHIVES Kerala Legislative Assembly

മുനിസിപ്പൽ തിരഞ്ഞെടുപ്പുകളിലും സമ്മതിദാനാവകാശം നല്കണമെന്നു് ഈ യോഗം ബഹുമാനപ്പെട്ട ഗവൺമെണ്ടിനോടു് ശുപാർശചെയ്യുന്നു.''

പ്രായപൂർത്തി വോട്ടവകാശം വേണമെന്നു് വാദിച്ചുകൊണ്ടിരിക്കുന്ന ഈ സഭയിൽ ഇതുപോലേയുള്ള ഒരു പ്രമേയത്തെപ്പറ്റി അധികം പ്രതിപാദിക്കേണ്ട ആവശ്യമുണ്ടെന്നതോന്നുന്നില്ല. ഇപ്പോൾ നടപ്പിലിരിക്കുന്ന നിയമമനുസരിച്ചു് ഏതെങ്കിലും ഒരു നികുതി കൊടുക്കുന്നവർക്കെല്ലാം വോട്ടവകാശം അനുവദിച്ചിട്ടുണ്ടു്. എന്നുവെച്ചാൽ രാജ്യത്തോടു് ഏതെങ്കിലും വിധത്തിൽ ഉത്തരവാദിത്വമുള്ള ഒരാൾക്കു വോട്ടവകാശം കൊടുക്കാമെന്നുള്ളതാണു് അതിന്റെ ഉദ്ദേശമെന്നു് ഞാൻ പറഞ്ഞുകൊള്ളുന്നു. ജലവാഹനങ്ങളിലും കരവാഹനങ്ങളിലുമറിയും വേലചെയ്യുന്നവർ ഗവൺമെണ്ടിൽനിന്നു ലൈസൻസുമൂലം പ്രവൃത്തിയെടുക്കുന്നവരാണു്. ഇവർ രാജ്യത്തോടും പൊതുജനങ്ങളുടെ ജീവിതത്തോടും ഉത്തരവാദപ്പെട്ടവരാണു്. യന്ത്രങ്ങളിലെ ജോലി വളരെ ആപല്കരമായതുകൊണ്ടാണു് ആ പ്രവൃത്തി ചെയ്യുന്നതിനു ലൈസൻസെടുക്കണമെന്നു് ഗവൺമെണ്ടു് ആവശ്യപ്പെടുന്നതു്. ആ നില വെച്ചുനോക്കിയാൽ ഗവൺമെണ്ടിനു ഒരു വിശ്വാസമുള്ളതും വളരെ ഉത്തരവാദപ്പെട്ടതുമായ ഒരു ജോലിയാണു് അതെന്നു കാണാം. ആ സ്ഥിതിക്കു എന്റെ പ്രമേയത്തിൽ ആവശ്യപ്പെട്ടപ്രകാരം വോട്ടവകാശം കൊടുക്കണമെന്നു പറയുന്നതു് വളരെ ന്യായമായിട്ടുള്ള സംഗതിയാണു്. എന്റെ പ്രമേയത്തിൽ നിർദ്ദേശിച്ചിരിക്കുന്നപ്രകാരമുള്ള വോട്ടർമാരുടെ സംഖ്യ വളരെ കുറച്ചുമാത്രമെ ഉണ്ടായിരിക്കുകയുള്ളു. കൊച്ചി രാജ്യത്തിന്റെ നാനാഭാഗങ്ങളിലുമായി ചിതറിക്കിടക്കുന്ന തൊഴിലാളികൾക്കു്, അതിനർഹതയുള്ളവർക്കു് വോട്ടവകാശം ഉണ്ടായിരിക്കണമെന്നുള്ളതാണു് ഞാൻ ഈ പ്രമേയം കൊണ്ടുദ്ദേശിച്ചിട്ടുള്ളതു്. അവരുടെ നിലയിൽനിന്നു നോക്കുകയാണെങ്കിൽ ഇങ്ങനെ ഒരു വോട്ടവകാശം കിട്ടുക എന്നുള്ളതു് വലിയ കാര്യമായ ഒന്നാണു്. അതുകൊണ്ടു് അതു ചെയ്തുകൊടുക്കണമെന്നുള്ള അപേക്ഷയാണു് എനിക്കുള്ളതു്. ഇനി ഈ വിഷയത്തെപ്പറ്റി പ്രസംഗിച്ചു് സമയം കളയണമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല. ബഹുമാനപ്പെട്ട മെമ്പർന്മാരും ഗവൺമെണ്ടും ഈ പ്രമേയത്തെ അനുകൂലിക്കുമെന്നുള്ള വിശ്വാസത്തോടുകൂടിയാണു് ഞാൻ ഇതിനെ അവതരിപ്പിക്കുന്നതു്.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: സർ, ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിച്ചകാര്യം മുഴുവനും ഇതിൽ പറഞ്ഞിട്ടുള്ളവാചകംകൊണ്ടു് കിട്ടുമെന്നു ഞാൻ വിചാരിക്കുന്നില്ല. ജോലിചെയ്യുകൊണ്ടിരിക്കുന്നവർക്കുമാത്രമേ ഇതിൽ പറഞ്ഞവാചകംകൊണ്ടു് വോട്ടവകാശമുണ്ടാകുകയുള്ളു. ഈ പറഞ്ഞജോലിക്കാർക്കു് ലൈസൻസു് എടുത്തിട്ടുള്ളവരായ അനേകമാളുകൾക്കു എല്ലായ്പോഴും ജോലിയുണ്ടായി എന്നു വരുന്നതല്ല. അങ്ങനെ ലൈസൻസെടുത്തിട്ടുള്ളവർക്കു ജോലിയില്ലാത്ത സമയത്തു് വോട്ടവകാശമുണ്ടെന്നു വരുന്നില്ല. 'ജോലിചെയ്യുന്ന സമയത്തു് മാത്രമേ വോട്ടവകാശമുള്ളു എന്നാണു് ഈ വാചകംകൊണ്ടു് അർത്ഥംവരുന്നതു്.

മിസ്റ്റർ വി. കെ. കുട്ടി: ജോലി ചെയ്യുന്നവർക്കുമാത്രമെ ലൈസൻസ്സു് ഉണ്ടാകുകയുള്ളു.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: ലൈസൻസുള്ള ആളുകൾക്കു തന്നെ, അവരുടെ ലൈസൻസ്സു് സസ്പെൻറ് ചെയ്തിരിക്കുന്ന സമയത്തു് വോട്ടവകാശമുണ്ടാകുന്നില്ല. അതുകൊണ്ടു് ''ജോലിചെയ്യുന്ന'' എന്നുള്ളതു് എടുത്തുകളയണം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. കുട്ടി: അതിനു് എനിക്കു വിരോധമില്ല. ഇങ്ങിനെയുള്ളവക്കു വോട്ടവകാശം കിട്ടണമെന്നമാത്രമേ ഞാൻ പറയുന്നുള്ളൂ.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: സർ, ഈ പ്രമേയകർത്താവു് ഈ പ്രമേയത്തിൽ ഉദ്ദേശിച്ചിട്ടുള്ള തത്വത്തോടു ഞാൻ യോജിക്കുന്നുണ്ടു്. എന്നാൽ ഈ പ്രമേയത്തെ ഇത്ര ചുരുങ്ങിയ ഒരു പരിധിക്കുള്ളിൽ നിറുത്താതെ ഇത്തരം ജോലിക്കു ലൈസൻസ്സു് എടുത്തിട്ടുള്ളവക്കു എപ്പോഴും വോട്ടവകാശമുണ്ടാകത്തക്കവണ്ണം ഇതിനെ വിപുലപ്പെടുത്തുമെന്നു് ഞാൻ വിശ്വസിക്കുന്നു. ഇത്രയും പറഞ്ഞു് ഈ പ്രമേയത്തിന്റെ തത്വത്തോടു ഞാൻ യോജിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. പി. കണ്ണൻ നായർ: സർ, വോട്ടവകാശം വിപുലമാക്കണമെന്നുദ്ദേശിച്ചുകൊണ്ടു വന്നിട്ടുള്ള ഈ പ്രമേയത്തിൽ ചില പ്രത്യേകവകുപ്പുകാരെമാത്രം എടുത്തുപറഞ്ഞിട്ടുള്ളതിൽ അന്തർഭവിച്ചിരിക്കുന്ന തത്വം എന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഇവരെപ്പോലെ തന്നെ അനവധിയാളുകൾ വേറെയും ഉണ്ടാകും. ഇതിനുള്ള കാരണങ്ങൾ പറയുന്നതു് ബോട്ടിൽ പണിയെടുക്കുന്നതു് വളരെ പ്രയാസമുള്ളതാണു്. അതിനു അവക്കു ലൈസൻസ്സു് വേണം. അതുപോലെ തന്നെയാണു് ഫാക്ടറിയിൽ പണിയെടുക്കുന്നവരുടേയും സ്ഥിതി. അതുകൊണ്ടു അവക്കു വോട്ടവകാശം കൊടുക്കണമെന്നാണു്. അവക്കു വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളമുള്ള പ്രാപ്തി ഇത്രത്തോളമുണ്ടായിരിക്കണമെന്നു് പറഞ്ഞിട്ടില്ല. ഈ വക പ്രത്യേക ജോലികൾക്കു ലൈസൻസെടുത്തു പ്രവൃത്തിയെടുക്കുന്നവക്കു വോട്ടവകാശം കൊടുക്കണമെന്നാണു് പറയുന്നതു്. ഇതിന്റെ ന്യായമെന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇങ്ങിനെ അവരെ സംബന്ധിച്ചിടത്തോളം ഒരു പക്ഷപാതം കാണിക്കുവാൻ വല്ല പ്രത്യേക കാരണവും ഉണ്ടോ എന്നാണു് എന്റെ ചോദ്യം.

ഗവമ്മെണ്ടിനു പ്രായപൂർത്തി വോട്ടവകാശം അനുവദിക്കുവാൻ അവസരം വരുന്നതുവരെയും ഈ മാതിരിയുള്ള പ്രത്യേക വകുപ്പുകാർക്കു വോട്ടവകാശം കൊടുക്കുവാൻ സാദ്ധ്യമല്ല എന്നു മാത്രമേ എനിക്കു പറയുവാനുള്ളൂ.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ: അവരുടെ ജോലികൊണ്ടു് അവർ ഇതിനു അർഹന്മാരാണോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: ഇതിലുമധികം ബുദ്ധിമുട്ടുള്ള ജോലി ചെയ്യുന്നവർ വേറെയും ധാരാളമുണ്ടു്. സാധാരണ കൃഷിക്കാരുടെയിടയിൽ കന്നുപൂട്ടുന്ന സമ്പ്രദായമുണ്ടു്. ആ പ്രവൃത്തി കാണുന്നവക്കു വളരെ നിസ്സാരമായിട്ടുതോന്നും. അതൊന്നു ചെയ്യുനോക്കുമ്പോൾ മാത്രമെ അതിലുള്ള ബുദ്ധിമുട്ടു മനസ്സിലാകയുള്ളൂ. അതുപോലെതന്നെയാണു മരത്തിന്റെ മുകളിൽ കയറി കള്ളുചെത്തുന്നപണി. അതു് കണ്ടുനില്ക്കുന്നവക്കു് വളരെ എളുപ്പമായ ജോലിയാണെന്നു് തോന്നും. പക്ഷെ ആ പ്രവൃത്തിയെടുക്കുന്നവക്കറിയാം അതിൽ എത്രത്തോളം ബുദ്ധിമുട്ടുണ്ടെന്നു്. പിന്നെ കൃഷിസ്ഥലങ്ങളിൽ കൂലിക്കാർ പണിയെടുക്കുന്നകാലത്തു് പോത്തുകളെക്കൊണ്ടു് നിലം ചവിട്ടിക്കുന്ന ഒരേർപ്പാടുണ്ടു്. അതിനുശേഷിയുള്ള നല്ല പോത്താണു വേണ്ടതു്. ആ പോത്തിനുതന്നെ നൂറു നൂറിരുപതു് രൂപാവിലയുണ്ടു്. ഈ പണിചെയ്യുന്നതിനു് വളരെ കഷ്ടപ്പാടുള്ളതാണു്. ഇതൊക്കെ നോക്കുമ്പോൾ ഫാക്ടറിയിൽ പണിയെടുക്കുന്നാളുകളുടെകായ്ക്കും സാരമില്ല. പിന്നെ എന്താണു് ഇവ

LIBRARY ARCHIVES Kerala Legislative Assembly

ക്കുമാത്രം വോട്ടവകാശം കൊടുക്കണമെന്നു പറയുന്നതു് എന്നു് എനിക്കുമനസ്സിലാകുന്നില്ല.

അഡൽറ്റ് ഫ്രാഞ്ചയിസു് വേണമെന്നാണു് പറയുന്നതെങ്കിൽ അതിനു് അർത്ഥമുണ്ടു്. അതിനെക്കുറിച്ചു ഗവൺമെൻറിനു മനസ്സിലാക്കുവാൻ സാധിക്കും. ഇവരോടുമാത്രം പ്രത്യേകിച്ചു് ഒരാനുകൂല്യം ഈ കാര്യത്തിൽ കാണിക്കണമെന്നു പറയുന്നതു് എന്താണെന്നു് എനിക്കു മനസ്സിലാക്കുവാൻ സാധിക്കുന്നില്ല.

അഡൽറ്റ് ഫ്രാഞ്ചയിസിനു് അടുത്തകാലത്തു് മദ്രാസ് കമ്മിറ്റിയെ നിയമിക്കുകയും അവരുടെ റിപ്പോർട്ടിന്മേൽ ഗവൺമെൻറു് ഉത്തരവും പാസാക്കുകയും ചെയ്തിട്ടുണ്ടു്. അതു് ഭേദപ്പെടുത്തണമെങ്കിൽ കുറച്ചുകാലംകൂടി കഴിയാതേകണ്ടുചെയ്യുന്നതു് ശരിയാണൊ എന്നാണു് ഞാൻ ചോദിക്കുന്നതു്. ഇനി ഒരുകൊല്ലം കൂടി കഴിയണം എലക്ഷനു്. അതിനുമുമ്പായിട്ടു ചിലർക്കുമാത്രം ഈ അവകാശം കൊടുക്കണമെന്നു പറയുന്നതിൽ ന്യായമില്ലെന്നാണു് എനിക്കു തോന്നുന്നതു്. അവർക്കു കൊടുത്തുകൂടാ എന്ന സിദ്ധാന്തം എനിക്കില്ല. ഇപ്പോൾതന്നെ എന്തെങ്കിലും നികുതി കൊടുക്കുന്നവർക്കും സ്കൂൾ ഫൈനൽ പരീക്ഷ മുതലായതുപാസായിട്ടുള്ളവർക്കും മറ്റും സമ്മതിദാനാവകാശം കൊടുത്തിട്ടുണ്ടു്. സമ്മതിദാനാവകാശത്തെ ഉപയോഗിക്കുന്നതിനായിട്ടു വിദ്യാഭ്യാസം കൊണ്ടുള്ള പ്രാപ്തിയുണ്ടെന്നു് തോന്നുന്ന ഒരു രണ്ടു യോഗ്യതകളും അതിനു മാനദണ്ഡമായി ഇപ്പോൾ വെച്ചിട്ടുണ്ടു്. അതിനെ കുറെകൂടി വിപുലപ്പെടുത്തി എഴുതാനും വായിക്കാനും അറിയാവുന്ന ആളുകൾക്കു് വോട്ടവകാശം കൊടുക്കണം. പിന്നീടാണു് പ്രായപൂർത്തിവോട്ടു് വരുക. ഇതാണു് അതിൻെറ മാതൃക. അതിനു ഇവിടെ കാലമായിട്ടുണ്ടെന്നു് കമ്മിറ്റിക്കാരും പറയുന്നില്ല. ഗവൺമെൻറിനും തോന്നുന്നില്ല. അതിനിടക്കു ചിലർക്കുമാത്രമായിട്ടു ഇങ്ങിനെ ഒരു വോട്ടവകാശം കൊടുക്കണമെന്നു പറയുന്നതിനെ സ്വീകരിക്കുവാൻ ഗവൺമെൻറിനു നിവൃത്തിയില്ല.

മിസ്റ്റർ വി. കെ. കുട്ടി: സർ, ബഹുമാനപ്പെട്ട ഗവൺമെൻറു് സിക്രട്ടറിയുടെ മറുപടികൊണ്ടു് ഇപ്പോൾ ഞാൻ കൊണ്ടുവന്നിരിക്കുന്ന പ്രമേയത്തിൽ കവിഞ്ഞ നിലയിൽ ഉള്ള അഭിപ്രായത്തോടുകൂടിയ ഒരു പ്രമേയമാണു് കൊണ്ടുവന്നതു് എങ്കിൽ അതു് ഗവൺമെൻറു് അംഗീകരിക്കുമായിരുന്നു എന്നു് തോന്നിപ്പോകുന്നു. കന്നുപൂട്ടുന്നവർക്കും കള്ളുചെത്തുന്നവർക്കും ചവിട്ടുപോത്തിനെ നയിക്കുന്നവർക്കും വോട്ടവകാശം കൊടുക്കേണ്ടതാണെന്ന അഭിപ്രായമാണു് അദ്ദേഹം ഇവിടെ പറഞ്ഞതു്. ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണു് ചെയ്യുന്നതു്. ഞാൻ പ്രതിനിധീകരിക്കുന്ന സമുദായത്തെ സംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ ഏതുവിധത്തിലുള്ള തൊഴിലുകൾ എടുത്തു ജീവിക്കുന്നവരുണ്ടോ അവരെയെല്ലാം ഈ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണെന്നു് ഞാൻ പറയും. പക്ഷെ ഗവൺമെൻറിൻെറ ഇപ്പോഴത്തെ നില അതല്ലാത്തതുകൊണ്ടു് നിലവിലുള്ള നിയമത്തിൽനിന്നു വലിയ വ്യത്യാസം വരാത്ത തരത്തിലുള്ള ഒരു നിയമം കൊണ്ടുവന്നു് ഈ രാജ്യത്തെ ഏതാനുംപേർക്കുകൂടിയെങ്കിലും വോട്ടവകാശം കൊടുക്കണമെന്നുള്ളതാണു് ഉദ്ദേശം. ആ ഉദ്ദേശത്തെ മുൻനിർത്തിക്കൊണ്ടുള്ള ഈ പ്രമേയത്തെ പിൻവലിക്കാതെ, ഈ വിഷയകമായി ഈ സഭയുടെ അഭിപ്രായം പൊതുജനങ്ങളെ അറിയിക്കേണ്ട ചുമതലയും എനിക്കുണ്ടു്. പ്രാകൃതാചാരങ്ങളിൽ കുറെ തൊഴിലാളികളെ സംബന്ധിക്കുന്ന കാര്യങ്ങളിൽ പ്രസംഗിക്കുകമാത്രമല്ല അതിനാവേണ്ടതായ പ്രവൃ

LIBRARY ARCHIVES Kerala Legislative Assembly

ത്തികളുംകൂടി ചെയ്യേണ്ടതാണു് എന്ന സംഗതി ഇവിടെയുള്ള തൊഴിലാളി പക്ഷപാതികളായ പൊതുപ്രവർത്തകന്മാരെ ഓർമ്മപ്പെടുത്തുന്നതിനായി ഈ പ്രമേയം ഇവിടെ പ്രസ്താവിക്കുന്നതു്. അതുകൊണ്ടു് ഓരോരുത്തരും അവരവരുടെ മനഃസാക്ഷിയനുസരിച്ചു് ഈ പ്രമേയത്തെ അനുകൂലിച്ചു വോട്ടുചെയ്യണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

Resolution put and lost

Mr. V. K. Kutty: A Poll, Sir.

	Ayes		Noes
1	Mrs. Thankamma N. Menon	1	Mr. K. P. Kannan Nayar
2	Mrs. C. R. Iyyunni	2	Mr. K. Achyuta Menon
3	Mr. V. J. Mathai	3	Mr. P. J. George
4	Mr. P. Achyuta Menon	4	Mr. M. Sivarama Menon
5	Mr. V. K. Krishnankutty	5	Dr. T. Verghese
6	Mr. K. M. Ibrahim	6	Rao Bahadur M. Narayana Menon
7	Mr. Popatlal Goverdhan Lalan	7	Mr. K. V. Menon
8	Mr. C. R. Iyyunni	8	Mr. T. Narayana Menon
9	Mr. E. Ikkanda Warriar	9	Mr. M. Raman Menon
10	Mr. C. K. S. Moni	10	Mr. V. K. Aravindaksha Menon
11	Mr. V. K. Kutty	11	Rama Varmha Tampuran
12	Mr. K. P. Vallon	12	Mr. T. S. Ramachandra Ayyar
		13	Mr. A. Eachara Menon

12 for and 13 against.

The House rose for the day at 5 p.m.

C. J. MATHEW
Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly